അദ്വൈതത്തിന്റെ സമകാലികപ്രസക്തി

ഡോ. സുവർണ്ണ നാലപ്പാട്ട്



എക്കാലത്തേക്കും പ്രസക്തമായ ദർശനമാണ് അദ്വൈതം. എക്കാലത്തേക്കും പ്രസക്തമായതു കൊണ്ടു തന്നെ അതിന് സമകാലികപ്രസക്തിയുമുണ്ട്. സോഷ്യോപൊളിറ്റിക്കലും ശാസ്ത്രീയവുമായ ആധുനികകാഴ്ച്ചപ്പാടുകളിൽ പുരാതനഭാരതീയദർശനമായ അദ്വൈതത്തിനു പ്രസക്തിയെന്ത്. ഈ ചിന്തയെ ഇവിടെ രണ്ടു തലത്തിൽ നമുക്ക് അന്വേഷണവിധേയമാക്കേണ്ടതുണ്ട്. സാമൂഹ്യമായ തലത്തിലും ശാസ്ത്രതലത്തിലും.

1. **സാമൂഹ്യതലം**

- **വേദത്തിലെ സോഷ്യലിസവും കമ്യൂണിസവും**

തൃശ്ശൂരിൽവെച്ച് ഇ.എം.എസ്സിന്റെ അനുസ്മരണവേദിയില്(19ആം സ്മരണദിനം)മുഖ്യപ്രഭാഷകനായ പ്രകാശ് കാരാട്ട് പറഞ്ഞ ചിലവാക്കുകൾ ഹിന്ദു ദിനപത്രം റിപ്പോർട്ടു ചെയ്തിരുന്നു.(15.6.2017) ഇന്ത്യയുടെ രീതിക്കിണങ്ങിയ ഒരു സോഷ്യലിസ്റ്റ് വ്യവസ്ഥിതി കെട്ടിപ്പടുക്കുന്നത് ഒരു ചാലഞ്ച് ആണെന്ന് അദ്ദേഹം പറഞ്ഞു. ടുവാർഡ്സ് എ സോഷ്യലിസ്ററ് ഇന്ത്യ (Towards a socialist India)എന്ന വിഷയം സംസാരിക്കയായിരുന്നു അദ്ദേഹം. *Building a socialist society in contemporary India will be a huge challenge. In the ideological struggle against neoliberal and other reactionary ideologies , an essential part should be the projection of an alternative vision of socialism in Indian conditions…. To prepare a full-fledged socialist path for India would require a lot more collective discussions and work. Unfortunately , there was a notable absence of propaganda for socialism,even by the left in the country…….Socialism is based on the socialization of the means of production. This will mean ensuring the social ownership of Industry.agriculture,services,and technology sectors…*

വ്യവസായവും കൃഷിയും സേവനവും ടെക്നോളജിയുമെല്ലാം ജനതയുടെ പൊതുമുതലായി,ഈശ്വരന്റെ സ്വത്തായി കണ്ട് പുരാതനഇന്ത്യയിലെ ദാർശനികരും ഭരണാധികാരികളും വ്യവസായികളും കൃഷിക്കാരും പടുത്തുയർത്തിയ സോഷ്യലിസത്തിലേക്ക് ഏതു ഫിലോസഫിയാണ് അവരെ നയിച്ചത്. 10ആം നൂറ്റാണ്ടിലെ ഉത്തരമേരൂരിലെ റിപ്പബ്ലിക്കിന്റെ written constitution ഏതൊന്നിനെ ആധാരമാക്കിയോ, ആ വൈദികമായ സോഷ്യലിസം ഏത് തത്വത്തിലാണ് അധിഷ്ഠിതമായിരുന്നത്. അദ്വൈതത്തിന്റെ ശക്തമായ അടിത്തറയിലെന്നാണ് ഉത്തരം.

കമ്യൂണിസത്തിന്റെ ആചാര്യനായിരുന്ന കാൾമാർക്സ് ഇന്ത്യയിലെ പഴയ സോഷ്യലിസ്റ്റ് വ്യവസ്ഥിതിയെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. പ്രാചീനഇന്ത്യയിലെ കമ്യൂണുകളിൽ ഉണ്ടായിരുന്ന വ്യവസ്ഥിതിയില് നിന്ന് അദ്ദേഹത്തിന്റെ കമ്യൂണിസം മാതൃക സ്വീകരിച്ചു. പക്ഷേ മാർക്സിനുശേഷം വന്ന മാർക്സിസ്റ്റ് ചിന്തകരാരും തന്നെ ഇന്ത്യയിലെ മാതൃകാസോഷ്യലിസത്തെയോ വ്യവസ്ഥിതിയേയോ പൂർണ്ണമായി ഗ്രഹിക്കാനോ നടപ്പാക്കാനോ ശ്രമിച്ചിട്ടേ ഇല്ല. ഇന്ത്യയുടെ പരിസ്ഥിതിക്കനുയോജ്യമായ അങ്ങനെയൊന്നിനെ പഠിക്കാനുള്ള ശ്രമം ഇല്ലാതിരുന്നത് അതിന്റെ തെളിവുകളെല്ലാം ഇന്ത്യയുടെ ഭാഷയായ സംസ്കൃതത്തിലായതും സംസ്കൃതം ഭാഷയല്ല , മതചിഹ്നമാണെന്ന് ബുദ്ധിജീവികൾ തെറ്റിദ്ധരിച്ച വശായതുമാണ്. ഇന്ത്യയിലെ സോഷ്യലിസ്റ്റ് രീതിയുടെ അടിത്തറ വേദങ്ങളിലും ഉപനിഷത്തുക്കളിലുമുള്ള അദ്വൈതചിന്തയാണ്. ഇതിനെ നന്നായി മനസ്സിലാക്കി പ്രഭാഷണങ്ങളിലൂടെ മനുഷ്യരെ കാലത്തിനതീതമായി ചിന്തിപ്പിച്ചത് ശങ്കരാചാര്യരാണ്. അദ്വൈതം കാലാതീതമായി പ്രസക്തിയുള്ളതാണ്.എക്കാലവും പ്രസക്തിയുള്ളതിനേ സമകാലികപ്രസക്തിയുള്ള ദർശനമാവാൻകഴിയൂ. ലോകത്തിലെ മറ്റു രാഷ്ട്രങ്ങള്, സമത്വം വർഗ്ഗരഹിത, ജാതിരഹിതമായ സമൂഹം എന്നെല്ലാം ചിന്തിക്കാനാരംഭിക്കുന്നതിന് എത്രയോ മുമ്പേ ഭാരതം ഇവയെക്കുറിച്ചു ചിന്തിക്കുകയും അതിനുള്ള പദ്ധതികൾ നടപ്പാക്കിക്കാണിക്കയും ചെയ്തു. അതിന്ന് ശക്തമായ , ശാസ്ത്രീയമായ ഒരടിത്തറയും അന്നത്തെ ചിന്തകർ കണ്ടെത്തി.

മോഘമന്നം വിന്ദതേ അപ്രചേതാഃ

സത്യം ബ്രവീമി വധ ഇത്സതസ്യ

നാര്യമണം പുഷ്യതിനോ സഖായം

കേവലാഘോ ഭവതി കേവലാദി (ഋഗ്വേദം മണ്ഡലം 10 സൂക്തം 117 ഋ 6)

ഏതൊരു അപ്രചേതസ്സായവൻ അന്നം നേടുന്നുവോ,അത് വ്യർത്ഥമാണ്. അവൻ അമൃതത്വം നേടുന്നില്ല. .സത്യം പറയാം.ആര് അര്യമാവിനെ പോഷിപ്പിക്കുന്നില്ലയോ,അവൻ തന്നത്താന് ഭക്ഷിച്ച് കേവലമായ പാപിയായിത്തീരുന്നു. (സൂര്യയജ്ഞം,പഞ്ചമഹായജ്ഞം, അതിഥിയജ്ഞം ഇവചെയ്യാതെ സ്വാർത്ഥത ക്കായി അന്നം സമ്പാദിക്കുന്നവനാണ് അപ്രചേതസ്സ്) സൂര്യയജ്ഞമെന്നത് ജലസ്രോതസ്സുകളേയും ഊർജ്ജസ്രോതസ്സിനേയും വനസമ്പത്തിനേയും സംരക്ഷിക്കയും കൃഷി മുതലായ കർമ്മങ്ങളിലൂടെ ഊർജ്ജത്തെ അന്നമാക്കി തലമുറകളിലേക്ക് പകരുകയുമാണ്.

യേഭ്യോ മാതാ മധുമത് പിന്വന്തേ

പയഃപീയൂഷം ദ്യൌരദിതിരദ്രിബർഹിഃ

ഉക്ഥശുഷ്മാൻ വൃഷഭരാന് സ്വപ്ന-

ഷസ്താം ആദിത്യാം അനുമതാസ്വസ്തയേ (ഋ മ.10 സൂ 63 ഋക്ക് 3)

പ്രകാശമയവും മേഘങ്ങളും മലകളും നിറഞ്ഞതുമായ ഈ പ്രപഞ്ചം അമൃതും പാലും ഒഴുക്കുന്നത് ഉക്ഥത്തെ ധ്യാനിച്ച് ആദിത്യസമരായി ഋഷഭന്മാരായിരിക്കുന്ന ജ്ഞാനികൾക്കുവേണ്ടിയാണ്. (അവർ ഈ ലോകത്തി ലുള്ളതുകൊണ്ടാണ്) അവരെ അനുകരിച്ച് സ്ഥിരമായ സ്വസ്തിനേടി ആനന്ദം ഭുജിക്കുക .അറിഞ്ഞ് ഉപാസി ക്കുന്ന ജ്ഞാനി സൂര്യസമനായി , മഴ തരുന്ന മേഘംപോലെയാണ്.അവരുടെ വാക്കും പ്രവർത്തിയും അറി ഞ്ഞാദരിച്ച് അതുപോലെ എല്ലാവരും പ്രവർത്തിക്കുന്ന പക്ഷം രാഷ്ട്രം സമത്വസുന്ദരമാവും.

അജാതി (ജാതി ഇല്ലാത്തത്) ആണ് ബ്രഹ്മം. ജനനമില്ലാത്തതാണ്. ജനിച്ചതിനേ ജാതിയുള്ളു. സമതയ്ക്ക് സർവ്വസാമ്യമെന്നാണ് അർത്ഥം. വർഗ്ഗരഹിതവും ജാതിരഹിതവുമായ സമത്വഭൂമികയാണ് ബ്രഹ്മം. അതി നെ അറിഞ്ഞ ബ്രഹ്മജ്ഞാനിയാണ് ബ്രാഹ്മണൻ. ശുനി ചൈവ ശ്വപാകേ ച പണ്ഡിതാ സമദർശിതഃ (ഗീത) നായയിലും നായയെ തിന്നുന്നവനിലും കൂടി സമദർശിയായിരിക്കുന്നവനാണ് പണ്ഡിതന്. നായയിലും നായയെ കൊന്നുതിന്നുന്നവനിലും ഈശ്വരനെത്തന്നെ കാണുന്നവനാണ് അദ്വൈതി. നായയിൽമാത്ര മല്ല, അന്യമൃഗങ്ങളിലും-പശു,ആട്,പോത്ത് മുതലായ ഏതുജീവിയുമാകട്ടെ- ഈശ്വരനെക്കാണുന്ന അദ്വൈതി അവയെ കൊന്നുതിന്നുന്നവനിലും ഈശ്വരനെ തന്നെ കാണുന്നു. സർവ്വഭൂതങ്ങളിലും സമം ആയി കരുണ കാണിക്കുന്നവനാണ് അവൻ.സമം സർവ്വേഷു ഭൂതേഷു (ഗീത) എല്ലാ ഭൂതങ്ങളിലും എല്ലാ ചരാചരങ്ങളിലും ഈശ്വരചൈതന്യമല്ലാതെ മറ്റൊന്നില്ലാത്തതിനാലാണ് സമത്വബോധം.

അതായത് പ്രപഞ്ചമല്ല മായ. പ്രപഞ്ചത്തെ നാനാത്വമായി കാണുന്നതാണ് മായ.. ജനിക്കുമ്പോൾ എല്ലാ വരും ശൂദ്രവർണ്ണമാണ്. കർമ്മം കൊണ്ടു വേണം ബ്രാഹ്മണ്യം നേടാൻ. ജാതി ജനിച്ചത് ., അജാതി ജന നമില്ലാത്തത്(മുക്തി). ജാത്യന്തരാകൃതി ജാതിയുടെ വ്യത്യാസംകൊണ്ട് സംഭവിക്കുന്ന രൂപം. ഇതനുസരിച്ച് മനുഷ്യജാതി,മൃഗജാതി, പക്ഷിജാതി, സസ്യജാതി,സ്ത്രീജാതി,പുരുഷജാതി എന്നേ ഉള്ളു. വർണ്ണവും ജാതിയും ഒന്നല്ല.

ജന്മനാ ജായതേ ശൂദ്രഃകർമ്മണാ ജായതേ ദ്വിജഃ   അങ്ങനെയെങ്കിൽ ശൂദ്രത്വം എന്താണ്.

അപശൂദ്രാധികരണം-5 സൂത്രങ്ങൾ.

1. ശുക് അസ്യ തത് അനാദരശ്രുവണാത് തദാ ആർദ്രവനാത് സൂചയതേ ഹി
2. ക്ഷത്രിയത്വഅവഗതേ ച ഉത്തരത്ര ചൈത്രരഥേന ലിംഗാത്
3. സംസ്കാരപരമർഷാത് തത് അഭാവ അഭിലാപാത് ച
4. തദ് അഭാവനിർദ്ധാരണേ ച പ്രവൃത്തേ
5. ശ്രുവണഅദ്ധ്യയനഅർത്ഥപ്രതിഷേധാത് സ്മൃതേ ച

അനാദരവ് സൂചിപ്പിക്കുന്ന ഒരുവാക്ക് കേള്ക്കുമ്പോഴേക്കും ശുക്ക് അഥവാ ദുഃഖവും ദുരഭിമാനവും കൊണ്ട് ആർദ്രമായ മനസ്സാണ് ശൂദ്രലക്ഷണം. അത്തരം മനസ്സിൽ ഭിന്നഭാവം മാത്രം പ്രകാശിക്കും. അദ്വൈതമുണ്ടാവില്ല. (ഇന്ന് ഭൂരിഭാഗം ആളുകളും ഈ തരക്കാരാണ്.)ജാനശ്രുതിരാജാവിനോട് ശൂദ്രാ എന്ന് വിളിച്ചിട്ടും അദ്ദേഹം ദുഃഖിക്കാതെ വീണ്ടും വീണ്ടും പഠിക്കാനെത്തി. രാജാവിനെ ശൂദ്രനെന്നു വിളിച്ചത് അയാളിൽ ശൂദ്രത്വം ഉണ്ടോ എന്നു പരീക്ഷിക്കാനാണ്. സംസ്കാരത്തിന്റെ അഭിലാപം(ഇല്ലായ്മ)കൊണ്ടാണ് ശുക് ഉള്ളവന് (ദുഃഖവും ദുരഭിമാനവും)ബ്രഹ്മവിദ്യ അഭ്യസിക്കാനാവാത്തത്. ദ്വൈതികൾ പരസ്പരം കലഹിക്കുന്നു. സർവ്വവും ആത്മമാണ്,ബ്രഹ്മമാണ് എന്നറിഞ്ഞ അദ്വൈതി കലഹിക്കുന്നില്ല. ആത്മൈകത്വബുദ്ധിയെ സമ്യഗ്ദർശനമെന്നുപറയുന്നു.

അജാതസ്യൈവ ഭാവസ്യ ജാതിമിഛന്തി വാദിനഃ

അജാതോഹ്യമൃതോഭാവ മർത്യതാം കഥമേഷ്യതി

ശൂദ്രത്വം ഒരു ജാതിയല്ല. അത് അവനവന്റെ ഗുണകർമ്മങ്ങളെ ആധാരമാക്കി ഓരോ വ്യക്തിയും തെരഞ്ഞെടുക്കുന്ന ജീവിതം കൊണ്ട്(കർമ്മസ്വഭാവം) വന്നുചേരുന്ന വർണ്ണധർമ്മമാണ്. അജമായ ബ്രഹ്മത്തിനും ബ്രഹ്മജ്ഞാനിക്കും ജാതിയില്ല.ജാതിയുണ്ടെന്ന് വാദിക്കുന്നവരാണ് ദ്വൈതികള്.. ആത്മസംസ്ഥമായ ജ്ഞാനം ജാതിഭേദമില്ലാത്തതിനാൽ അജാതിയാണ്(അജാതി ജാതിവർജ്ജിതം –ശങ്കര) പ്രാപ്യൈ തത് സർവ്വഃ കൃതകൃത്യോ ബ്രാഹ്മണോ ഭവതീത്യഭിപ്രായഃ ആ ജാതിവർജ്ജിതമായ ബ്രാഹ്മണ്യത്തെ പ്രാപിച്ച് കൃതകൃത്യനായവനെയാണ് ബ്രാഹ്മണനെന്നു പറയുന്നത്. ഇതാണ് ഉപനിഷദ്പ്രസിദ്ധമായ അസ്പർശയോഗം. മേധാശക്തികുറഞ്ഞ ആളുകളാണ് ഇതിനെ തൊട്ടുകൂടായ്മ എന്ന് തെറ്റിദ്ധരിച്ചത്. സർവ്വഭൂതാത്മരതനായ ബ്രഹ്മജ്ഞാനി സർവ്വഭൂതഹിതം മാത്രം ചെയ്യുന്നു. എന്ന് ശങ്കരവാക്യം. ബുദ്ധനും പരജനഹിതായ പരജനസുഖായ ജീവിച്ചു. അഹിംസ സർവ്വഭൂതസുഖത്തിനായി ബ്രഹ്മജ്ഞാനി അനുഷ്ഠിക്കുന്ന കാരുണ്യവ്രതമാണ്. മനസാ,വാചാ കർമ്മണാ അഹിംസ പാലിക്കുന്നതാണ് പരമപ്രധാനമായ ധർമ്മം. ജ്ഞാനപ്രധാനനായ ഗൃഹസ്ഥനും ബ്രഹ്മജ്ഞാനം സാദ്ധ്യമാണ്.

പ്രതിഷേധവിധി എന്തിന്

ഇന്നതു ചെയ്യാം ഇന്നതു പാടില്ല എന്നതിനെ പ്രതിഷേധവിധി എന്നു പറയുന്നു. സ്ത്രീനിന്ദ പാടില്ല, ഹിംസ പാടില്ല, പരദൂഷണം പാടില്ല ,ദുർജ്ജനസംസർഗ്ഗം പാടില്ല ,മോഷണം പാടില്ല എന്നിങ്ങനെയുള്ളവ പ്രതിഷേധവിധികൾക്ക് ഉദാഹരണമാണ്.ഇന്നാണെങ്കിൽ ഇവയെല്ലാം ഏറിയേറിവരികയുമാണ്. വ്യക്തിസ്വാതന്ത്ര്യത്തിലുള്ള നിയന്ത്രണമോ കടന്നുകയറ്റമോ ആണ് പ്രതിഷേധവിധികളെന്ന് ജനം കരുതുകയും ചെയ്യുന്നു.

ശങ്കരഭാഷ്യം ഇതിന്ന് കൃത്യമായ ഉത്തരം തരുന്നുണ്ട്. പ്രതിഷേധവിധി (ബൃഹദാരണ്യകം) കളുടെ ഉദ്ദേശം. വസ്തുക്കളുടെ യഥാർത്ഥജ്ഞാനം നൽകുക എന്നതു മാത്രമാണ്. മനുഷ്യരുടെ കർമ്മങ്ങളെ നിയന്ത്രിക്കലല്ല. ധർമ്മാധർമ്മവിവേകം ഉളവാക്കാനാണ് വിധികളുടെ ആവശ്യം. എച്ചിൽ ഭക്ഷിക്കുന്നത് ക്ഷാമകാലത്ത് ബ്രാഹ്മണനുപോലും വിലക്കല്ല. മരുഭൂമികളിലുള്ളവർക്ക്,- സസ്യമില്ലാത്ത ധ്രുവഭൂമികളിലോ ജാംഗലഭൂമി യിലോ ഉള്ളവർക്ക്- ജീവസന്ധാരണത്തിന് മാംസഭക്ഷണം വിലക്കല്ല. വൈദ്യൻ വിധിക്കുന്ന പക്ഷം അത്യാ വശ്യമെന്നുവരികിലും മാംസം ഭക്ഷിക്കാം. എന്നാലും മാംസഭക്ഷണം പുണ്യമാകുന്നില്ല.താമസഭക്ഷണം , ദുർജ്ജനസംഗം,പരസ്ത്രീസംഗം ഇവ അനർത്ഥമാണ്.വേദവിഹിതമായ യാഗത്തിലെ മൃഗബലിയും, അമാ വാസിയിലെ പിതൃബലിക്കായുള്ള മൃഗബലിയും ,ആരോഗ്യത്തിനെന്ന് മിത്ഥ്യാജ്ഞാനം കൊണ്ടുള്ള മാംസ ഭക്ഷണവും എല്ലാം അനർത്ഥം തന്നെയാണ്. ബ്രഹ്മജ്ഞാനിക്ക് ശമണവൃത്തിയല്ലാതെ മറ്റൊന്നും ചെയ്യേ ണ്ടതായിട്ടില്ല. ഹിംസ ഒരിക്കലും ചെയ്യരുത് എന്നു പറയുന്നത് ജീവികളുടെ പോലും വ്യക്തിസ്വാതന്ത്ര്യം (ജീവിക്കാനുള്ള അവകാശം) എടുത്തുകളയരുതെന്ന് ബോദ്ധ്യം വന്നതുകൊണ്ടാണ്.

യൂറോപ്പിലെ തത്വചിന്തപോലെ ഒരു മസ്തിഷ്കവ്യാപാരമായിരുന്നില്ല ഇന്ത്യയിലേത്. ഒരു ജീവിതരീതിയായി സർവ്വരാലും ആദരിക്കപ്പെട്ട് ആചരിക്കപ്പെട്ടുപോന്ന ധർമ്മമായിരുന്നു. ജനത അതിനെ ആചരിച്ചിരുന്നു, അനുഷ്ഠിച്ചിരുന്നു.

യോ വൈ സധർമ്മോ വ്യവഹാരലക്ഷണോ ലൌകികൈർവ്വ്യ വഹീയമാണഃസത്യം വൈതത് .സത്യമിതി യഥാ ശാസ്ത്രാർത്ഥതാ. സ ഏവാനുഷ്ഠീയമാനോ ധർമ്മനാമാ ഭവതി,ശാസ്ത്രാർത്ഥത്വേന ജ്ഞാനമാനസ്തു സത്യംഭവതി. (ശങ്കര) അറിയപ്പെടേണ്ടത്, അനുഷ്ഠിക്കേണ്ടത് –അറിയുന്നത്,അനിഷ്ഠിക്കുന്നത് ഇവ രണ്ടും ഒന്നാകുന്നതാണ് ഭാരതത്തിലെ ധർമ്മത്തിന്റെ ,സംസ്കാരത്തിന്റെ പ്രത്യേകത.വെറുതെ ആചരിക്കയല്ല, അറിഞ്ഞ് ആചരിക്കയാണ് അനുഷ്ഠാനം.

കാമത്തിൽനിന്ന് ഹിംസഃ

നാമിന്ന് പത്രമോ ടിവി ചാനലോ തുറന്നാൽകാണുന്ന സകല ഹിംസാത്മകമായ പ്രവർത്തനങ്ങൾക്കും ഒരേ ഒരു കാരണം സ്വാർത്ഥമാണ്.സ്വാർത്ഥം കാമം കൊണ്ട് ഉണ്ടാവുന്നതാണ്. അന്നം ,പുത്രൻ,വിത്തം, പ്രമാ ണിത്തം,സാമ്രാജ്യം ഇവയ്ക്കു വേണ്ടി ചെയ്യുന്ന കർമ്മങ്ങളിലെല്ലാം കാമം ഉണ്ട് . കാമം ഉള്ളിടത്ത് സ്വാർത്ഥ മുണ്ട്. എന്റെ നിന്റെ എന്ന ഭേദമുണ്ട്. അതിന്റെ പേരിലുള്ള കലഹം വരും. ബ്രഹ്മവിദ്യാവിഷയേ ച സർവ്വൈ കത്വാത് കാമാനനുപപത്തേ (ബ്രഹ്മവിദ്യാവിഷയത്തിൽ കാമമില്ല.) കാമമുള്ള സ്ഥലത്തേ പാപമുള്ളൂ. അവന വനുവേണ്ടി അന്നം പചിക്കരുത് (നാത്മാർത്ഥം പാചയേ ദന്നം) മറ്റുള്ളവർക്ക് കൊടുക്കാതെ അന്നം ഭുജി ക്കുന്നവനാണ് സ്തേനൻ(കള്ളൻ) എല്ലാവർക്കുമായി സൃഷ്ടിക്കപ്പെട്ട അന്നം എല്ലാവരുടേയും കൂടിയ പൊതുസ്വ ത്താണ് (ശങ്കരൻ) മിശ്രം ഹ്യേതത് സർവ്വേഷാംഹി സ്വം തദപ്രവിഭക്തം യത് പ്രാണിഭിർഭുജ്യതേ .എല്ലാവ ർക്കും ഭുജിക്കാനുള്ള അന്നം ഒരു വായ വിഴുങ്ങുന്നതും കൂടി പരപീഡനമാണ്. (സർവ്വഭോജ്യത്വാദേവ യോ മുഖേ പ്രക്ഷിപ്യമാണോ അപി ഗ്രാസഃപരസ്യപീഡാ കരോ ദൃശ്യതേ .മമേദം സ്യാത് ഇതിഹി സർവ്വേ ഷാം തത്രാസാപ്രതിബദ്ധാ.)കാരണം ഓരോ ഉരുളച്ചോറിലും സർവ്വർക്കും അവകാശമുണ്ട്. അതെന്റേതാവ ണമെന്ന ആശയുണ്ട്. ഓരോ ഉരുള ഉണ്ണുമ്പോഴും അതിനു വകയില്ലാത്ത അനേകം ജീവികളെ നാം പീഡിപ്പി ക്കുന്നുണ്ട്. (അറിയാതെയാണെങ്കിലും) . തസ്മാന്ന പരമപീഡയിത്വാഗ്രസിതുമപി ശക്യ തേ .അപ്പോൾ സ്വന്തം വയറുനിറക്കാനായി അറിഞ്ഞുകൊണ്ട്, പാവപ്പെട്ട ജീവികളെ പീഡിപ്പിച്ച് കൊന്നു തിന്നുന്നതിന്റെ കാര്യം പറയാനുണ്ടോ. ലോകത്തിൽ കമ്യൂണിസം സോഷ്യലിസം മുതലായ വാക്കുകളെല്ലാം വന്നിട്ട് അധിക

കാലമായിട്ടില്ല. സഹസ്രാബ്ദങ്ങൾക്കു മുമ്പ് ബൃഹദാരണ്യകോപനിഷത്ത് ഇതിനെ വിവരിക്കുന്നു.ശങ്കരഭാഷ്യം അതിനെ സുന്ദരമായി വ്യാഖ്യാനിക്കയും ചെയ്യുന്നു. വൈശ്വദേവയജ്ഞത്തിൽ ജന്തുക്കളെ ഹിംസിക്കുക എന്ന ജുഗുപ്സാവഹമായ കർമ്മം ഇല്ലാത്തതിനാലാണ് അതിനെ ശ്രുതി പ്രതിഷേധിക്കാത്തതെന്ന് ശങ്കരന് പറയുന്നു. (മത്സ്യബന്ധനാദികർമ്മവത്സ്വഭാവ ജുഗുപ്സിതമേതത്)

പ്രാണം നവിഛിന്ദ്യാത് ,അപി കൃകലാസസ്യ ഏതസ്യാ ഏവ ദ്വതായാ അപചിത്യൈ, അമാവാസിദിനം പ്രാണനുളള ഒരന്നിന്റേയും,ഒരു ഓന്തിന്റെ കൂടി, പ്രാണനെ വിഛിന്നമാക്കരുത്. അമാവാസിനാളിൽ ഒരു ചെറുപ്രാണിയെ ഹിംസിക്കുന്നതുപോലും ഭ്രൂണഹത്യാസമമാണ്. അഹിംസൻ സർവ്വഭൂതാന്യന്യസ്ഥതീർഥേഭ്യ എന്ന് ഛാന്ദോഗ്യോപനിഷത്ത്. സർവ്വഭൂതങ്ങളോടും എപ്പോഴും അഹിംസാവ്രതത്തോടെ പെരുമാറണം. പിന്നെ അമാവാസിനാളിനെ ഇങ്ങനെ എടുത്തുപറയുന്നതിന്റെ യുക്തിയെന്ത്. പണ്ടുകാലത്ത് പിതൃക്കൾക്ക് ശ്രാദ്ധമൂട്ടുന്ന അമാവാസിനാളിൽ മൃഗബലിവേണമെന്ന് തെറ്റിദ്ധരിച്ച് മനുഷ്യര് അപ്രകാരം ചെയ്തിരുന്നു. ഒരിക്കലും ഹിംസ പാടില്ല എന്ന് പറഞ്ഞശേഷം അമാവാസിനാളില് ഒട്ടും പാടില്ല എന്നു പറയുന്നത് ഈ അനാചാരം നിർത്തലാക്കാനാണ്.

യഥാ ച ഋക് സാമനി നാത്യന്തം ഭിന്നേ അന്യോന്യം തഥൈതൌ പൃഥിവ്യഗ്നി (ഛാന്ദോഗ്യഭാഷ്യം 6.1)ഋക് സാമനിൽനിന്ന് അഭേദം. അതുപോലെ പൃഥ്വി സൂര്യതാപമാകുന്ന അഗ്നിയിൽനിന്നുംഅഭേദമാണ്. അദ്വൈതം കൊണ്ട് ഭേദഭാവന നശിക്കുന്നു,സമഭാവന (സമീകരണം)ഉണ്ടാവുന്നു. ചികിത്സയൈവ ധാതു വൈഷമ്യസമീകരണമിതി. ചികിത്സകൊണ്ട് ധാതുവൈഷമ്യം സമീകരിക്കുന്നപോലെയാണിത്. . അദ്വൈതം ഭേദഭാവനകളെ ഇല്ലാതാക്കി സമഭാവന വരുത്താനുളള സമൂഹചികിത്സയാണ്. എല്ലാ പരപീഡനങ്ങൾക്കും പൂർണ്ണവിരാമമിട്ട്, ജനതയെ സംസ്കൃതചിത്തരും കരുണയുളളവരുമാക്കിത്തീർക്കാനുളള ദിവ്യൌഷധം.

മാംസൌദനം

ബൃഹദാരണ്യകം ചതുർത്ഥബ്രാഹ്മണത്തിലെ 14- 18 സൂക്തങ്ങളില് 18ആം സൂക്തം മാംസൌദനം പറയുന്നു.ഈ സൂക്തങ്ങളിൽ പുത്രകാമി അനുഷ്ഠിക്കേണ്ട ഭക്ഷണമാണ് പറയുന്നത്. അരിവേവിച്ച് നെയ്യുചേർത്തു കഴിക്കുന്നതാണ് ഇവിടെ ഭക്ഷണം. . വെളളത്തിലാണ് വേവിച്ചതെങ്കിൽ വെളുത്തവനും ഒരുവേദം അറിയുന്നവനും, തൈരിലാണ് വേവിച്ചതെങ്കിൽ ദ്വിവേദിയും കപിലപിംഗലനിറമുളളവനും, പാലിലാണെങ്കിൽ ത്രിവേദിയും ശ്യാമവർണ്ണനും ലോഹിതാക്ഷനും , മാംസംചേർത്തുപചിച്ചാല് സമിതിയില് പണ്ഡിതനായി സംസാരിക്കുന്നവനും ചതുർവ്വേദിയും എന്നു പറയുന്നു. അവൻ ഔക്ഷങ്ങൾക്കും ആർഷഭന്മാർക്കും (ഋഷഭ)ജനയിതാവായിത്തീരുന്നു. മാംസത്തിനുപകരം തിലം (എളളു)ചേർത്തുപചിച്ചാല് അത്തരം പുത്രിയാണ് ലഭിക്കുക. (തിലൌദനം)

ശാസ്ത്രദൃഷ്ട്യാ ഇത് ശരിയാണോ. മാംസം കഴിച്ചവരെല്ലാം നാലുവേദവും പഠിച്ച പണ്ഡിതരായി സഭകളില് ശോഭിക്കുന്നുണ്ടോ. ആരോഗ്യവും ബുദ്ധിയും അവർക്ക് സസ്യഭുക്കുകളേക്കാളും കൂടുതലായി കാണുന്നുണ്ടോ. ഇത് ശാസ്ത്രയുഗത്തില് സ്വയം നിരീക്ഷിച്ച് മനസ്സിലാക്കേണ്ട സത്യമാണ്. മാംസഭക്ഷണം തെറ്റിദ്ധാരണ കൊണ്ടാണെന്നും ഹിംസ ഒരുകാലവും പാടില്ല എന്നും അടിവരയിട്ട് പറയുന്ന ഒരു ഗ്രന്ഥത്തില്, ഇത്തരം ഒരു വാക്ക് വന്നത് , എത്രമാത്രം സ്വീകാര്യമാണെന്നും ചിന്തിക്കണം. പുത്രകാമം ഉളളവരാണ് ഈ വിധി

ചെയ്യുന്നതെന്ന് പറഞ്ഞിരിക്കുന്നതിനാൽ ആചാര്യവാക്യം അനുസരിച്ച് പുത്രകാമം എന്ന കാമം വരുത്തിയ തെറ്റിദ്ധാരണ കൊണ്ടാണ് ഇതും .

ന്യൂ പാപ്വ ഗിനിയിലെ നരഭോജികള് മനുഷ്യന്റെ തലച്ചോറുതിന്നാല് ബുദ്ധികൂടും എന്ന് കരുതുന്നു. വാസ്തവത്തിൽ കുറു , kreukfeldtz jacobsons disease, mad cow disease (Switzerland ല് പശുമാംസം തിന്നുന്നവര്ക്ക കാണുന്നത്) ഇതൊക്കെയാണ് അവരില് ഉണ്ടാവുന്നത്. മസ്തിഷ്കം ഡിജെനറേറ്റ് (Degenerate) ചെയ്യുകയാണ് , പാണ്ഡിത്യം ഉണ്ടാവുകയല്ല . മറ്റ് അനർത്ഥങ്ങള് കാൻസറും , കോള സ്റ്ററോളും എല്ലാം കൂടലാണ്.അതിനോടനുബന്ധിച്ച രോഗങ്ങളാൽ ആയുസ്സ് കുറയലും. ഇങ്ങനെയിരിക്കെ ആധുനികയുഗത്തിലിരിക്കുന്ന നമ്മള് ശങ്കരവചനമാണ് സ്വീകാര്യമെന്നു തീരുമാനിക്കുന്നതാണ് ഉചിതം. ഏതുമൃഗത്തെ തിന്നുവോ അതുപോലാകും എന്നപഴയകാലഅന്ധവിശ്വാസം മാത്രമാണ് പാപ്വ ഗിനി ക്കാരുടേതും ,കാളയെ തിന്നാൽ കാളയെപ്പോലാകുമെന്ന വിശ്വാസവുമെല്ലാം. അങ്ങനെയെങ്കിൽ, സസ്യം തിന്നാൽ സസ്യംപോലെയുമാവണ്ടേ. വിവേകത്തോടെ സ്വന്തം കർമ്മം നിശ്ചയിക്കാന് ഓരോരുത്തരും തയ്യാറാവണം. ആരും ആരിലും ഒന്നും അടിച്ചേൽപ്പിക്കേണ്ടതില്ല. ഭക്ഷണം ഏതുവേണമെന്ന് നിശ്ചയി ക്കേണ്ടത് അവനവന്റെ ബുദ്ധിയും ഹൃദയവുമാണ്, നാവോ അന്ധവിശ്വാസങ്ങളോ അല്ല. ഇതുപോലെ ത്തന്നെ ദുർജ്ജനസംസർഗ്ഗം , സ്ത്രീപീഡനം, മുതലായ മറ്റു കാര്യങ്ങളും. വിവേകപൂർവ്വം ചിന്തിക്കാനുള്ള കഴിവാണ് അദ്വൈതം തരുന്നത്. ആ കഴിവിലൂടെ വേണം സഹജീവികളേയും പരിസ്ഥിതിയേയും നശി പ്പിക്കാത്ത, ഭൂമിയെ ഈശ്വരന്റെ സ്വത്തായ പൊതുമുതലായി കണ്ട് എല്ലാവർക്കും എക്കാലത്തേക്കുമായി സംരക്ഷിക്കുന്ന, പഴയ സോഷ്യലിസത്തിന്റെ ,പഴയ വൈദിക"ഭാരതമോഡൽ കമ്യൂണിസ"ത്തിന്റെ പാത തെരഞ്ഞെടുക്കാൻ. എന്തിന് അയൽക്കാരനെ തന്നെപ്പോലെ സ്നേഹിക്കണം.? എന്തിന് മനസാ വാചാ അഹിംസ പരിപാലിക്കണം.? എന്തിന് എന്ന ചോദ്യത്തിന് ശാസ്ത്രീയതലത്തിലാണ് ഉത്തരം കാണേണ്ടത്. ഏകത്വം എന്നത് ശാസ്ത്രതലത്തിലാണ് അദ്വൈതം തെളിയിക്കുന്നത്.

2. ശാസ്ത്രതലം.

കുറച്ചു വര്ഷങ്ങള്ക്കുമുമ്പ് കൊച്ചിൻയൂണിവേഴ്സിറ്റിയില് ഡോ. എ.പി.ജെ.അബ്ദുൾകലാം ശങ്കരന്റെ അദ്വൈ തവും ആധുനികആസ്ട്രോഫിസിക്സുമായി ആരെങ്കിലും താരതമ്യം ചെയ്യേണ്ടതാണ് എന്ന് പ്രസംഗിച്ചതായി പത്രവാർത്ത കണ്ടു.അതിനു കുറച്ചുവർഷംമുമ്പ് അതേ യൂണിവേഴ്സിറ്റിയിലെ ഫിസിക്സ് ഡിപ്പാർട്ട്മെന്റില് ഈ പഠനം നടത്തിയ ഉപനിഷദ്സ്വാദ്ധ്യായമായ സുധാസിന്ധു എന്നഗ്രന്ഥത്തിന് വൈജ്ഞാനികമേഖലയിലെ മികച്ച പുസ്തകത്തിനുള്ള ഒരു പുരസ്കാരം തന്നിരുന്നു. ശങ്കരാചാര്യരുടെ അദ്വൈതത്തിന്റെ ശാസ്ത്രീയമായ അടിത്തറ ഈ പുസ്തകത്തിലെ ചില അദ്വൈതനിരീക്ഷണങ്ങളെ അടിസ്ഥാനമാക്കി നമുക്ക് പരിശോധിക്കാം. സമത്വത്തിന്റെ ശാസ്ത്രീയത അദ്ദേഹത്തേക്കാളധികം മറ്റാരെങ്കിലും പഠനവിഷയമാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്.

ശാസ്ത്രീയമായ അടിത്തറ: -ദേശപരിഛിന്നാഹി ഗതിഃ പരിഛിന്നമായി സീമിതമാക്കപ്പെട്ട ദേശം (സ്പേസ്) ഗതിശീലമാണ്. ഏകമായ , സീമിതമല്ലാത്ത , അനന്തതയായ ബ്രഹ്മം ഗതിശീലമല്ല. കാലദേശമെന്ന് പരിഛിന്നമാക്കിക്കൊണ്ടുള്ള (ദേശകാലപരിഛിന്നമായ) പഠനത്തിന് ബ്രഹ്മത്തെ അറിയാനാവില്ല. ദിക്ക്, ദേശം, കാലം,ഫലം,ഗതി, ഭേദം ഇവ ഇല്ലാത്തതിനാൽ ശൂന്യമെന്നു വിളിക്കപ്പെടുന്ന ബ്രഹ്മം സത് ആണ്, ഏകമേവാദ്വിതീയമായ ആത്മാവാണ് .ഇക്കാണുന്ന സർവ്വവും ആ ഏകമാണ്.

ദിക്ദേശകാല ഗുണഗതി ഫല ഭേദശൂന്യം ഹി പരമാർത്ഥസത് അദ്വയം ബ്രഹ്മ മന്ദബുദ്ധീനാം അസദിവ പ്രതിഭാതി.(ശങ്കരഭാഷ്യം) മന്ദബുദ്ധി കാരണം ഏകത്തെ (സത്തിനെ) അസത്തായി അനേകമായി തോന്നുന്നു.

1. ദിക്ക് (direction)
2. ദേശം space
3. കാലം Time
4. ഗതി movement , vibrations
5. ഫലം Effect
6. ഗുണം quality
7. ഭേദം differences-duality

ഈ ഏഴ് അവസ്ഥകളെക്കുറിച്ച് അവഗാഹമുണ്ടായശേഷമേ അവയുടെ ഇല്ലായ്മ (ശൂന്യത,അഭാവം)എന്ന അവസ്ഥയെക്കുറിച്ച് ചിന്തിക്കാനാവൂ. ഈ ഏഴും ഇല്ലാത്തതാണ് ഗണിതശാസ്ത്രസിംബലായ ഇന്ത്യക്കാരുടെ ശൂന്യമെന്ന പൂജ്യം. അത് പൂർണ്ണമാണ്. മന്ദബുദ്ധികൾ സത്യമായ ആ ബ്രഹ്മത്തെ അസത്തെന്ന് വിചാരിക്കുന്നു. പൂജനീയമാണ്, പൂജ്യമാണ്. സത്താണ്,സത്യമാണ്.പൂർണ്ണമാണ്. ചിത്താണതിന്റെ സ്വരൂപം (ചൈതന്യം) ഖഹരമെന്നാണതിന്റെ പേർ. അനേകം ഭൂതഗണങ്ങൾ പ്രലയകാലത്ത് തന്നില് ലയിച്ചിട്ടും പ്രഭവകാലത്ത് തന്നിൽനിന്ന് ജനിച്ചിട്ടും അനന്തവും അച്യുതവുമായിരിക്കുന്ന മഹാവിഷ്ണുവെപ്പോലെ എന്ന് ഭാസ്കരാചാര്യൻ പറയുന്നു. എത്ര രാശി കൊണ്ടു ഗുണിച്ചാലും ഹരിച്ചാലും കുറച്ചാലും വികാരരഹിതമാണ്. സകലവും അതിലാണ്. പൂർണ്ണത്തിൽനിന്നു പൂർണ്ണമെടുത്താലും പൂര്ണ്ണമായവശേഷിക്കുന്ന പൂർണ്ണത്തെയാണ് ശൂന്യതാവാദി ശൂന്യമെന്നു തെറ്റിദ്ധരിക്കുന്നത്. നിത്യം,അനിത്യം എന്നു രണ്ടുവസ്തുക്കളേ പ്രപഞ്ചത്തിലുളളു. നിത്യവസ്തു ഊർജ്ജമാണ്.അനിത്യവസ്തുവും ആത്യന്തികമായി നിത്യമായ ഊർജ്ജവസ്തു തന്നെയാണ്, ഊർജ്ജത്തിലേക്കു മടങ്ങുന്നു. ദ്രവ്യം ഊർജ്ജമാണ്. പ്രപഞ്ചം ഊർജ്ജമാണ്.ഈ പൂർണ്ണോർജ്ജമാണ് ബ്രഹ്മം .

അസ്മിൻവികാരഖഹരേ ന രാശാ-

വപിപ്രവിഷ്ടേഷ്വപി നിസ്സൃതേഷു

ക്ഷഹഷ്വപിസ്യാല്ലയസൃഷ്ടികാലേ

അനന്തേ അച്യുതേ ഭൂതഗണേഷു യദ്വത്(ഭാസ്കരാചാര്യന്റെ സിദ്ധാന്തശിരോമണി)

ഈ പൂജ്യത്തെ (സീറോ) അറബികൾ ഇന്ത്യക്കാരുടെ സത്യമെന്നർത്ഥത്തില് ഹിന്ദ് സത് എന്നു വിളിച്ചു.

പ്രപഞ്ചങ്ങളുടെ പ്രവൃത്തിനിവൃത്തികളോ ദ്വൈതഭാവനകളോ ഇല്ലാത്ത തുരീയമായ അദ്വൈതാനുഭൂതിയിലാണ് കാലദേശപരിഛിന്നമല്ലാത്ത ഏകമായ പൂർണ്ണസത്യമെന്ന പരമാർത്ഥസത്താബോധം ഉദിക്കുന്നത്.

ഗത,ആഗത,അസ്തി,നാസ്തി മുതലായ വികല്പങ്ങൾ -

ഗതി ,ചലനം . ഉണ്മ ഇല്ലായ്മ- ഇവയെല്ലാം ഊർജ്ജത്തിന്റെ ഇഛയുടെ വകഭേദം മാത്രമാണ്. ഞാനില്ല എന്ന് ആരും വിചാരിക്കുന്നില്ല. അതായത് ഒരു വ്യക്തിയും സ്വന്തം ആത്മചൈതന്യത്തെ നിരാകരിക്കുന്നില്ല. അതിനെ ഇല്ലാത്തത് (ശൂന്യത)എന്ന് ആരും അംഗീകരിക്കുന്നില്ല. (ശൂന്യതാവാദിപോലും)കാലം തന്നെ പരിഛിന്നമല്ല.അപ്പോളതിനെ അനുഭവിക്കുന്ന ആത്മാവ് എന്ന ഊർജ്ജം എങ്ങനെ ശൂന്യമാവും, പരിഛിന്നമാവും. അന്തർജ്യോതിയും വിജ്ഞാനവും പൂർണ്ണതയാണ്, ശൂന്യതയല്ല. ക്ഷണികമല്ല,നിത്യമാണ്. ശങ്കരന്

ബുദ്ധന്റെ അന്തർജ്യോതിസ്സ് ശൂന്യതയല്ല,ക്ഷണികതയല്ല. വിജ്ഞാനവും ക്ഷണികമല്ല. നിത്യമാണ് .നിർവ്വാണം ശൂന്യതയല്ല,പൂർണ്ണതയാണ്. ചിദാനന്ദസത്യാനുഭവമാണ്. ശൂന്യതാവാദം,ക്ഷണികവാദം മുതലായ പിൽക്കാലബുദ്ധിസ്റ്റുകളുടെ നിരർത്ഥവാദങ്ങളെ ഖണ്ഡിച്ച് അദ്ദേഹം ബുദ്ധനെ നിത്യശുദ്ധവും സത്യവും സദാനന്ദവുമായ വിജ്ഞാനമയമായ ബ്രഹ്മജ്ഞാനമെന്ന നിർവ്വാണം അനുഭവിച്ച വ്യക്തിയായി കണ്ടു . (ഇതും അഹിംസയിലടിയുറച്ച ദർശനവും അദ്ദേഹത്തിന് പ്രച്ഛന്നബുദ്ധനാമം നേടിക്കൊടുത്തു)

പ്രശ്നോപനിഷത്തിലെ അന്വേഷണം-

പ്രപഞ്ചം.ജീവന്റെ ഉത്പ്പത്തി,അവസാനം,നിലനില്പിനുള്ള ശക്തി , മരിച്ചവരുടെ ആത്മാവ് എവിടെപ്പോകുന്നു മുതലായ ചോദ്യങ്ങളുടെ ശൃംഖലയാണ് സത്യാന്വേഷണം. പ്രപഞ്ചം എങ്ങനെ ഉണ്ടായി. (Origin of universe): ആര് പ്രപഞ്ചത്തെ സൃഷ്ടിച്ചു ആർ പ്രവർത്തിപ്പിക്കുന്നു. സ്വഭാവം,കാലം, ഭ്രമണശീലം എന്നിവ ചക്രസ്വഭാവംകൊണ്ടു വന്നുചേരുന്നതാണ്. ആ സ്വഭാവത്തിനു കാരണം ഊർജ്ജം,ചൈതന്യം. ചിത്ത് മാത്രമാണ്.

ആ ചൈതന്യത്തിന്റെ സാന്ദ്രീകൃതമായ രൂപമാണ് അണ്ഡകടാഹങ്ങളും താരാഗ്രഹങ്ങളും ചരാചരങ്ങളും .ആ ചൈതന്യം കൊണ്ടാണ് പ്രപഞ്ചചലനം,ഭ്രമണം. ആ ചൈതന്യം കൊണ്ടാണ് ജീവജാലങ്ങളുടെ കർമ്മം. ആ ചൈതന്യമാണ് വായു,അഗ്നി,സൂര്യചന്ദ്രന്മാരെന്ന് നാനാവിധമായി തോന്നപ്പെടുന്നത്. ($E=mc^2$)മാസിനെ ഗതിയുടെ വർഗ്ഗംകൊണ്ടു പെരുക്കിയതാണ് ഊർജ്ജമെന്ന സമവാക്യം വരുംമുമ്പാണ് ഈ ഊർജ്ജസമവാക്യകാലം. മനുഷ്യനു ഗണിക്കാനാവുന്ന കാലം ആ വൈദ്യുതപുരുഷനിൽനിന്നുതന്നെ ഉണ്ടായി (നാരായണോപനിഷത്ത്)

സർവ്വത്തിലും ചൈതന്യമായി വിരാട്പുരുഷനായിരിക്കുന്ന ബ്രഹ്മപുരുഷൻ:-

ഏവ ദേവോ വിഷ്ണുരനന്തഃ പ്രഥമശരീരി ത്രൈലോക്യദേഹോപാധിഃസർവ്വേഷാം ഭൂതാനാമന്തരാത്മാ (ശങ്കര) സർവ്വബുദ്ധിപ്രത്യയകൃതങ്ങളാല് ദ്യോതിക്കപ്പെടുന്ന ബ്രഹ്മപുരത്തിലാണവന്റെ സ്ഥാനം . ബ്രഹ്മണോ അത്ര ചൈതന്യസ്വരൂപേണാ നിത്യാഭിവ്യക്തത്വാത് ബ്രഹ്മണഃപുരം(ശങ്കര).ഇതാണ് അന്തർദീപികാന്യായം പറയുന്നത്. അന്തഃശരീരത്തില് ആത്മാവിരിക്കുന്നത്ദീപംപോലെയാണ്. സദാ ജ്യോതിർമ്മയവും ശുഭ്രവുമായ കെടാവിളക്കു കത്തിച്ച മച്ചുപോലെ-സത്യം നമ്മുടെ ഹൃദയത്തിലാണിരിക്കുന്നത്.അതുകൊണ്ട് പ്രപഞ്ചം മുഴുവനും പ്രകാശിക്കുകയാണ്.ശങ്കരന്റെ ഈ അഭിപ്രായത്തോടു സദൃശമായ ഒന്ന് കാലത്തിന്റെ ഉൽപ്പത്തി എന്ന പുസ്തകത്തിൽ സ്റ്റീഫന് ഹോക്കിങ്ങും പറകയുണ്ടായി. ശാസ്ത്രസിദ്ധാന്തം നമ്മുടെ മനസ്സിലാണിരിക്കുന്നതെന്ന അദ്ദേഹത്തിന്റെ അഭിപ്രായം അതിന് മറ്റൊരു യാഥാർത്ഥ്യവുമില്ല എന്ന രണ്ടാം വാക്യത്തോടെ സ്വയം നിഷേധിക്കയും ചെയ്തു. യാഥാര്ത്ഥ്യമല്ലാത്ത,സത്യമല്ലാത്ത ഒന്നിനെ മനസ്സ് ശാസ്ത്രമായി അംഗീകരിക്കുന്നതെങ്ങനെ. (About a scientific theory:- It exists in our minds only. And does not have any other reality page 10 Origin of time Stephan Hawking.66 267)

മദ്ധ്യദീപികാന്യായം വർത്തമാനവും ഭൂതവും ഭാവിയും (ത്രികാലം) അറിയുന്നതിനാണ്. വർത്തമാനത്തിലിരുന്ന് ഭൂതകാലചരിത്രം അറിയാനും അങ്ങനെ ഭാവിയെ നിർമ്മിക്കാനും കഴിയുന്ന ജ്ഞാനിയുടെ ആത്മജ്യോതിസ്സിന്റെ പ്രകാശം രണ്ടുമുറികൾക്കിടയില് കത്തിച്ചുവെച്ച ദീപം പോലെയാണ്. വർത്തമാനത്തില് കത്തിച്ചുവെച്ച ആ ദീപം ഭൂതവും ഭാവിയും അറിയുന്നു,പ്രവചിക്കുന്നു. . ശുനകന്റെ രീതിയാണിത്. ഗോലോകത്തിനും ഭൂമിക്കുമിടയിലായി പ്രകാശിച്ച് മഴ പ്രവചിക്കുന്ന ദൂതതാരങ്ങളാണ് ശുനകതാരങ്ങള്. ഡോഗ്

സ്റ്റാർ നക്ഷത്രസമൂഹത്തെ നിരീക്ഷിക്കുന്ന സാരമേയന്മാര്.ആണ് ശുനകന്മാർ. ഗോലോകത്തിലെ നിഗൂഢമായ ചൈതന്യപ്രപഞ്ചത്തെ വേദത്തിലെ ഇന്ദ്രനു കാണിച്ചുകൊടുത്ത സരമാപുത്രനാണ് ശൌന കൻ. ശൌനകഉദ്ഗീതം ബകദാൽബ്യ,ഗ്ലാവാമൈത്രേയന്മാരുടേതാണ്. (507 ഛാ ഖ 12) ഈ ഉദ്ഗീതത്തിന്റെ പ്രയോജനം ശങ്കരന് പറയുന്നു. അന്നപ്രാപ്തി ഇല്ലാതെയുള്ള കഷ്ടത(ക്ഷാമം)മുതലായവ ഇല്ലാതിരിക്കാനാണ് ശ്വാക്കളാൽ ദൃഷ്ടമായ ഉദ്ഗീതം. മിഥുനകർക്കിടകങ്ങളുടെ ഭാഗത്ത് ഈ താരങ്ങളെ സൂര്യോദയവേളയിൽ കാണാം. (മഴക്കാലത്ത്) മുനിമാർ ഗ്രാമത്തിനുപുറത്ത് വേദസ്വാദ്ധ്യായം ചെയ്യാനായി ചെന്നിരുന്നു. ശ്വോദ്ഗീഥകാല പ്രതിപാദനാത് (ശ്വാനന്റെ ഉദയം കാത്തിരുന്നു. നിരീക്ഷിച്ചുകൊണ്ടിരുന്നു.)

ആദ്യം വെളുത്ത ശ്വാനൻ ആവിർഭവിച്ചു. മറ്റേത് അടുത്തുവന്നിരുന്ന് പറഞ്ഞു ഭഗവാന്,പാടുക,ഞങ്ങൾക്ക് ഭക്ഷിക്കാൻ തരിക.

ആദ്യം വലിയ ശ്വാനനായ സിറിയസ് എ. പിന്നെ ചെറുതായ സിറിയസ് ബി. (തമന്യേ ശുക്ലം ശ്വാനം ക്ഷുല്ലകാഃശ്വാനഃ.)മഴവരുന്നു,ധാന്യം വിളയുന്നു എന്ന് മുന്നോടി. ദൂതന്മാരായി (മെസ്സെഞ്ചർതാരം). തെക്കുപടിഞ്ഞാറൻ കാലവർഷക്കാറ്റിന്റെ (മുഖ്യപ്രാണന്റെ) ചലനമായി വർഷമായി ജീവനമഴ അതിന്റെ ദൂതന്മാരായി ശ്വാനതാരങ്ങൾ. താനും സൂര്യനും ഒന്നിച്ച് കിഴക്കുദിക്കുന്ന ദക്ഷിണായനകാലത്തെ കാത്തിരിക്കാനാണ് ശുനകതാരം പറഞ്ഞത്. ബഹിഷ്പവമാനസ്തോത്രം പാടുമ്പോള്പുരോഹിതർ പരസ്പരം പിടിച്ചുകൊണ്ട് ഭ്രമണംചെയ്യുന്നപോലെ ശ്വാനന്മാരും ഭ്രമണം ചെയ്യുന്നു. സംരബ്ധാഃസംലഗ്നാ അന്യോന്യമേവ മുഖേനാന്യോന്യസ്യ പുഛം ഗൃഹീത്വാ സസ്യപുരാസ്യപ്ലവന്തഃപരിഭ്രമണം കൃതവന്ത ഇത്യർത്ഥഃ(ശങ്കരഭാഷ്യം) ഒന്ന് ഒന്നിന്റെ വാലുകടിച്ചുപിടിച്ച് സർപ്പങ്ങളെപ്പോലെ സർപ്പിളമായി പരിഭ്രമണം ചെയ്യുന്ന ബൈനറികളാണ് ശ്വാന താരങ്ങൾ.ഇതിന്റെ കൃത്യമായ വിവരണമാണ് ശങ്കരഭാഷ്യം തന്നിരിക്കുന്നത്.

പ്രജ്ഞപ്തേഃസ നിമിത്തത്വ

മിഷ്യതേ യുക്തിദർശനാത്

നിമിത്തസ്യാനിമിത്തത്വ

മിഷ്യതേ ഭൂതദർശനാത്

പ്രജ്ഞക്ക് സനിമിത്തത്വം നിങ്ങൾ യുക്തിദർശനത്തില് കാണുന്നു.ഞങ്ങൾ നിമിത്തത്തിനുതന്നെ നിമിത്തത്വം ഭൂതദർശനത്തിൽകാണുന്നു (ഗൌഡപാദകാരിക)ഭൂതദര്ശനം പരമാര്ത്ഥദർശനം. ഉത്തരോത്തരമായ ഭൂതദർശനംകൊണ്ട് ശബ്ദപ്രത്യയമായ അവസ്ഥയിലെത്തും. 24ആം ശ്ലോകഭാഷ്യത്തില്(കാരിക)ശങ്കരൻ പ്രകാശമാത്രസ്വരൂപമായ വർണ്ണരഹിതമായ പ്രജ്ഞയിലെത്തിയത് ഉത്തരോത്തരം ഭൂതദർശനം ചെയ്തിട്ടാണ് എന്ന്പറയുന്നു. വസ്തുവെ ഉത്തരോത്തരം അതിന്റെ ഭൂതങ്ങളായി , കണങ്ങളായി വിഭജിച്ചാല്, പ്രകാശരൂപമായ ഊർജ്ജം മാത്രം അവശേഷിക്കും. അപ്പോൾ സ്ഥൂലമായ വസ്തുക്കളെല്ലാം ഊർജ്ജം മാത്രമാണ്. നാനാത്വം ഭ്രാന്തിദർശനമാണ്. മേശയും കസേരയും കാണുമ്പോൾ ന്യൂട്ടനും ഐൻസ്റ്റൈനും കണങ്ങളുടെ ഊർജ്ജനൃത്തമാണ് കാണുന്നത്.അതേ ശാസ്ത്രബോധമാണിവിടെ ശങ്കരനും പ്രകടിപ്പിക്കുന്നത്. യുക്തിവാദിയായ ദ്വൈതി ബാഹ്യരൂപം കാണുന്നു ,അനേകത്വം കാണുന്നു. ഉത്തരോത്തരം ഭൂതദർശനം ചെയ്യുന്ന അദ്വൈതി ഊർജ്ജം മാത്രം കാണുന്നു,ഏകത്തെ മാത്രം കാണുന്നു. പിണ്ഡവും

ഗതിയും എല്ലാം ചിന്മയമായി മാത്രം കാണുന്നു. അകത്തും പുറത്തും സത്യമായ സുന്ദരമായ ശിവമല്ലാതെ മറ്റൊന്നില്ല എന്നു സാക്ഷാത്കരിച്ചവനാണ് തത്വജ്ഞാനി. അത്തരമൊരാൾക്കേ ശിവനെ ത്തന്നെ ശ്വന കനിലും ശ്വപചനിലും കാണാനാവൂ എന്നാണ് വൈതഥ്യപ്രകരണത്തിനുള്ള തന്റെ ഭാഷ്യം ശങ്കരന് അവസാനിപ്പിക്കുന്നത്. ഇത്കഴിഞ്ഞുടനെ അദ്വൈതപ്രകരണത്തില് കൃപണന്മാരെക്കുറിച്ചുള്ള പരാ മർശത്തില് അന്യം എന്ന് ഒന്നില്ലാത്ത സമത്വാവസ്ഥയിലാണ് ബ്രഹ്മാനുഭൂതിയെന്നും അവിടെ കാർപ്പ ണ്യദോഷമില്ലെന്നും പറഞ്ഞിരിക്കുന്നു. വിളക്കിന് വേറെ വിളക്ക് വേണ്ട. ബോധത്തിന് തന്നെയറിയാനും വേറൊരു ബോധം വേണ്ട. ചൈതന്യത്തിന് സ്വയമറിയാൻ ചൈതന്യം മതി.(ഞാൻമതി. ആത്മാവ് മതി) ദ്രവ്യരൂപത്തിൽ മറ്റൊരു ചൈതന്യം വേണ്ട. അതിനാൽ സർവ്വദ്രവ്യവും ചൈതന്യമാണ്. ബോധമുള്ളതും ഇല്ലാത്തതും ചൈതന്യമാണ്. ചേതനാവന്ത സ്ഥാവര(1--9 ഛാന്ദോഗ്യഭാഷ്യം). സ്ഥാവരം പോലും ഊർജ്ജമാണ്. (Matter is energy)

ഡോപ്ലർഇഫക്ട്

ഭാഷാപരിച്ഛേദത്തിൽ ശബ്ദത്തിന് ധ്വനി ,വർണ്ണം എന്ന് രണ്ട് ഉൾപ്പിരിവ്. രണ്ട് വസ്തു കൂട്ടിമുട്ടുമ്പോൾ ഉരയുമ്പോൾ , അടുത്തുവരുമ്പോൾ ,അഭിഘാതം എന്ന ശബ്ദം. ഒറ്റ വസ്തു സ്പന്ദിക്കുന്നത് അനാഹതം.

കാ പുനരയം ധ്വനിർന്നാമയോ ദൂരാത് ആകർണ്ണയതോ വർണ്ണവിവേകം അപ്രതിപദ്യമാനസ്യ കർണ്ണപഥം അവതരതി,പ്രത്യാസീദ തശ്ചമന്ദത്വപടുത്വാദിഭേദം വർണ്ണേഷ്വാസഞ്ജയതി ,തന്നിവൻ ധനാശ്ചോദാത്തയോ വിദശഷാന വർണ്ണസ്വരൂപനിബന്ധനാ.വർണ്ണാനാം പ്രത്യുച്ചാരണാം പ്രത്യഭിജ്ഞായമാനത്വാത്. (ശാരീരകഭാഷ്യം (1.3.26)

ചലിക്കുന്ന വസ്തുവിൽനിന്നു വരുന്ന തരംഗം വസ്തു ദൂരേക്കുപോകുമ്പോള് മന്ദ്രസ്ഥായി,അടുത്തേക്കു ചലിക്കു മ്പോൾ ഉച്ചസ്ഥായി.(1842ലെ ഡോപ്ലർഇഫക്ട്) ശബ്ദത്തിനും പ്രകാശരശ്മിയിലെ വർണ്ണത്തിനും ഗ്രഹചലന ത്തിനും ഇത് ബാധകമാണെന്ന് ഭാരതത്തിനറിയാം. വർണ്ണവിശേഷത്താല് അഭിവ്യഞ്ജിക്കപ്പെടുന്നതിനു മുമ്പുള്ള ശബ്ദമാണ് ധ്വനി. വർണ്ണശബ്ദങ്ങള് പരമാണു പോലെ, , ക്വാർക്കിനെപ്പോലെ നിത്യമാണ്. ഇരുട്ടു മുറിയിലെ ഘടം കാണാനാവാത്തതുപോലെ പ്രളയകാലത്ത് അവയെ കാണാനാവുന്നില്ല. (അന്ധകാരസ്ഥ ഘടാനുപലം ഭവത്) നിത്യവും അനാഹതവുമായ അവയെ കർണ്ണത്തില് കേൾപ്പിക്കുന്നതിന് ധ്വനിശബ്ദം കൂടിയേ തീരൂ. അഭിവ്യഞ്ജകമായ(വർണ്ണത്തെ വഹിക്കുന്ന) ധ്വനിക്ക് ദേശകാലപരിസ്ഥിതിക്കനുസരിച്ച് മാറ്റമുണ്ട്. അതിനാൽ ധ്വനി അനിത്യവും വികാരിയുമാണ്. ചിത്തിലെ സ്ഫോടത്തിന്റെ വ്യഞ്ജകമാണ് ധ്വനി. ശൂന്യമായ ചിദാകാശം എന്നൊന്നില്ല.ചിദാകാശം എപ്പോഴും മണ്ഡലങ്ങളാൽ ത്രസിക്കുന്ന ശക്തിയാല് പൂർണ്ണമാണ്.

ബ്രഹ്മവും ഉമയും-

ഒരു വസ്തു നിന്ന അതേ സ്ഥാനത്ത് മറ്റൊരു വസ്തു നിൽക്കുക എന്നത് ഭൌതികവസ്തുക്കളെ കുറിച്ച് സാദ്ധ്യമല്ല. എക്സ്ക്ലൂഷൻ പ്രിൻസിപ്പില് ഓഫ് ഫെർമിയോണ് കാരണമാണിത്. ബോസോണുകൾ ചിദ്തരംഗങ്ങളാകയാൽ അവയ്ക്കിത് കഴിയും. തദ്യക്ഷം യസ്മിന്നാകാശേ ആകാശപ്രദേശേ ആത്മാനം ദർശ യിത്വാ തിരോഭൂതമിന്ദ്രശ്ച ബ്രഹ്മണസ്തിരോധാനകാലേ യസ്മിന്നാകാശേ ആസീത്. സ ഇന്ദ്രഃതസ്മിന്നേവ

ആകാശേ തസ്യൈ കിം തധ്യക്ഷമിതിധ്യായൻ. നനിവ വ്യതേതന്യാദിവത് . ഉമയും ബ്രഹ്മവും(യക്ഷം) ചൈതന്യമാണ്.ബാഹ്യമായിട്ടും സ്വാത്മസ്ഥിതമായിട്ടും ഇന്ദ്രന് കാണുന്നതും ഇതേ ചൈതന്യമാണ്.

വിദ്യുതോ വൈദ്യുതദ് ആ ഈ വിദ്യോതനം ചെയ്യുന്ന ആ ഈ എന്ന ആവി. ആവ് പശു(ഗോ)ആവി ആത്മാ,പ്രാണൻ. വൈദ്യുതിപോലെ വിദ്യോതനം ചെയ്യുന്ന പ്രകാശിക്കുന്ന അത്(ആ) ഇത്(ഈ)ആവി അഥവാ ഗോ(രശ്മി).എന്ന പ്രാണൻ ആത്മജ്യോതി. മുണ്ഡകഭാഷ്യത്തിലും (ഖണ്ഡം 2 1)ആവിക്ക് പ്രകാശം എന്ന് അർത്ഥം പറയുന്നു. ഹൃദാകാശത്തിലും ചിദാകാശത്തിലുമിരിക്കുന്ന ആവി (പ്രകാശം)ആത്മാവ് പ്രാണം.ആ ചൈതന്യത്തെയാണ് സർവ്വഭൂതാന്തരാത്മാവായി അദ്വൈതി കാണുന്നത്. ആ ബ്രഹ്മത്തിന്റെ നിത്യാഭിവ്യക്തിത്വം കൊണ്ടാണ് ബ്രഹ്മണഃപുരം (ബ്രഹ്മപുരം)സ്വഹൃദയത്തിലിരിക്കുന്ന അനുഭവം ഉണ്ടാവുന്നത്.

അരുന്ധതീദർശനന്യായം കൊണ്ട് ആദ്യം സപ്തർഷിസമൂഹത്തെ, ധ്രുവതാരത്തെ ചൂണ്ടിക്കാട്ടി, പിന്നീട് അടുത്തുള്ള സൂക്ഷ്മതാരമായ അരുന്ധതിയിലേക്കു ശ്രദ്ധ തിരിപ്പിക്കുന്നു. അതുപോലെ സ്ഥൂലവസ്തുക്കളെ ആദ്യം ചൂണ്ടിക്കാട്ടി സൂക്ഷ്മത്തിലേക്ക് ബുദ്ധിയെ നയിക്കുന്ന വിദ്യാഭ്യാസരീതി ഭാരതത്തിലെ ദാർശനികര് ഉപയോഗിക്കുന്നു.

മയൂരാണ്ഡരസന്യായം നിറമില്ലാത്തതിലാണ് സകലനിറവുമെന്ന് പറയുന്നു. നിറമില്ലാത്ത ബ്രഹ്മത്തിലാണ് സകലനിറവുമുള്ള പ്രപഞ്ചം. മയിലിന്റെ മുട്ടക്കകത്തെ രസത്തിന് നിറമില്ല. അവർണ്ണമായ ആ രസം സവർണ്ണമായ മയിൽക്കുഞ്ഞിനെ ഉണ്ടാക്കാനുള്ള കഴിവുള്ളതാണ്. നിർഗ്ഗുണനിർവ്വികൽപമായ പരാവിദ്യയില് സഗുണസവികൽപ്പമായ അപരാവിദ്യയും ഇരിക്കുന്നു. പക്ഷേ അതിന് രൂപമോ വിഭജനമോ ഇല്ലാതെ അവ്യക്തമാണ്.

അർദ്ധജരതീയന്യായം പശുവിന്റെ ഒരർദ്ധം യൌവനയുക്തവും മറ്റേത് ജരബാധിച്ചതുമാണ് എന്ന് സമർത്ഥിക്കുന്നത്. ഇത് അസാദ്ധ്യമാണ്, ഷ്രോഡിങ്കറുടെ പൂച്ചപോലെ എന്ന ലോജിക്കാണ് ഇവിടെ അദ്വൈതി ഉപയോഗിക്കുന്നത്.

ഇതെല്ലാം സന്യാസിക്കുള്ളതല്ലേ എന്ന ചോദ്യത്തിന് ആചാര്യന് പറയുന്നു:സന്യാസിലക്ഷണം ജ്ഞാനവും ധ്യാനവുമാണ്. ബാഹ്യമായ ലക്ഷണങ്ങളല്ല. ജ്ഞാനധ്യാനാദിക്രിയാപാന സംഭിന്നാർത്ഥമർത്ഥാദ് . ജ്ഞാനവും ധ്യാനവുമുള്ള ഗൃഹസ്ഥനും പരിഗ്രഹാഭാവത്തോടെ നിഷ്കാമമായി ജീവിക്കുന്നപക്ഷം സന്യാസിലക്ഷണമുള്ളവനാണ് എന്ന് ആചാര്യസ്വാമികള് ഭാഷ്യത്തില് ശങ്കക്കിടമില്ലാതെ പറയുന്നു. വിദ്വാംസോ ഗൃഹസ്ഥാശ്ച ജ്ഞാനപ്രധാനാ (ശങ്കര)ഭൈക്ഷ്യചര്യ പരിഗ്രഹാഭാവമാണ് ശങ്കരന്. ഗൃഹസ്ഥന് പരിഗ്രഹാഭാവത്തോടെ ജീവിക്കാനാവും. ഇഷ്ടാപൂർത്തം --യാഗാദിശ്രൌതകർമ്മം(ഇഷ്ടം) കുളം, കിണർ,തടാകം കുഴിപ്പിക്കുന്ന സ്മാർത്തധർമ്മം(പൂർത്തം)—അനുഷ്ഠിച്ചുകൊണ്ട്, ഇപ്രകാരം ജീവിക്കുന്ന ഓരോ പൌരനും സ്വധർമ്മാനുഷ്ഠാനം കൊണ്ട് സോഷ്യലിസ്റ്റ് വ്യവസ്ഥയിലെ പ്രധാനകണ്ണികളാണ്.കാമമില്ലാത്തവനേ പരിഗ്രഹാഭാവം സാധിക്കുകയുള്ളൂ. സ്വാർത്ഥത ഇല്ലാതെ, നിസ്വാർത്ഥമായി, ഈശ്വരന്റെ സ്വത്ത് എന്ന് ഈ ഭൂമിയെ അതിലെ സർവ്വചരാചരങ്ങളോടും കൂടി സ്നേഹിക്കാനും സംരക്ഷിക്കാനും കഴിയൂ. അവകാശങ്ങൾക്കുവേണ്ടിമാത്രം വാദിച്ചും രാഷ്ട്രത്തോടു യാതൊരു ഉത്തരവാദിത്തവുമില്ലാതെയും ധർമ്മം ചെയ്യാതെ ജീവിക്കുന്ന പൌരന്മാരുടെ ആധിക്യമാണ് ഹിംസാത്മകമായ പ്രവർത്തനങ്ങളായി ചുറ്റുപാടും കാണുന്നത്.

അന്തർദീപികാന്യായം- ഉള്ളില് കെടാവിളക്കുവെച്ച പോലെ ജ്യോതിർമ്മയമായി ശുഭ്രമായ ആത്മദർശനം ആണെന്ന് പറഞ്ഞുവല്ലോ. ഉള്ളിലും പുറത്തും സർവ്വത്ര ചിത്സ്വരൂപം തന്നെയാണ് . സർവ്വവും ഊർജ്ജം തന്നെയാണ്.

ചിന്മാത്രാനുഗമാത് സർവ്വത്ര ചിത്സ്വരൂപം സർവ്വവസ്തുക്കളും ഊർജ്ജസ്വരൂപമാണ്. ചൈതന്യതന്മാത്രാനിർമ്മിതമാണ്. ആ വസ്തുസ്വരൂപം ഗ്രഹിക്കാൻ ആത്മാവിനു കഴിയുന്നത് ആത്മാവു തന്നെയാണ് ആ ചൈതന്യമെന്നതിനാലാണ്. ചിന്മാത്രയാണ് ആത്മതത്വം. ചിന്മാത്ര വ്യത്യസ്തവസ്തുക്കൾക്ക് വ്യത്യസ്തമല്ല. എല്ലാറ്റിലും ഒരുപോലെയാണ്. ഫോട്ടോണുകളെ ഇന്ന വസ്തുവിന്റെ ഫോട്ടോണെന്നു വേർതിരിക്കാവതല്ല.

സ യഥാ ദുന്ദുഭേർഹന്യമാനസ്യ ന ബാഹ്യാഛബ്ദാശ്ചക്നുയാത് ഗ്രഹണായ, ദുന്ദുഭേസ്തു ഗ്രഹണേന ദുന്ദുഭ്യാഘാതസ്യ വാ- ശബ്ദോ ഗൃഹീതഃ

ദുന്ദുഭിയുടെ ശബ്ദം ഗ്രഹിക്കുന്നു,പക്ഷേ ഓരോ ധ്വനിയും വെവ്വേറെ ഗ്രഹിക്കാനാവുന്നില്ല.അതുപോലെ ഇവിടെ ചിന്മാത്ര എന്ന പ്രകാശകണത്തിനെ ശബ്ദതരംഗത്തോടു സാദൃശ്യപ്പെടുത്തുന്നു. കണതരംഗരൂപമായ പ്രകാശരശ്മിയുടെ സഞ്ചാരം,ഊർജ്ജം ഇവയെയാണ് ഋഷി വർണ്ണിക്കുന്നത്. ഡോപ്ലർഇഫക്ട് കണ്ടെത്തിയ ശേഷം മാത്രമാണ് അക്കൌസ്റ്റിക്സും ഓപ്റ്റിക്സും തമ്മിലുള്ള ഏകതാനത ആധുനികശാസ്ത്രം മനസ്സിലാക്കിയതെന്ന് ഓർക്കണം.ശംഖം വീണ ഇവയുടെ നാദത്തോടും തുടർന്ന് ഉപമിക്കുന്നു. ശംഖും വീണയും ദുന്ദുഭിയുമുണ്ടാക്കുന്ന സ്ഥൂലനാദം മാത്രം നാം ഗ്രഹിക്കുന്നു. അതുപോലെയാണ് ചിന്മാത്രയെ ഗ്രഹിക്കാതെ , സ്ഥൂലപ്രപഞ്ചത്തെയും സ്ഥൂലശരീരത്തെയും അവയുടെ ചലനഭ്രമണാദികളേയും കർമ്മങ്ങളെയും മാത്രം ഗ്രഹിച്ച് പിന്നിലെ ഊർജ്ജത്തെ കാണാതിരിക്കുന്നത്. അചേതനസചേതനങ്ങളിലെല്ലാം സമമായി സർവ്വവസ്തുക്കളിലും അന്തർഗ്ഗതമായിരിക്കുന്ന മഹാസാമാന്യം, പ്രജ്ഞാനഘനമായ ചിന്മാത്ര എന്ന ഊർജ്ജകണതരംഗം –ബൃഹദാരണ്യകഉപനിഷത്തും ഭാഷ്യകാരനായശങ്കരനും-സ്ഥാപിച്ച് സഹസ്രാബ്ദങ്ങൾക്കുശേഷമാണ് ഐൻസ്റ്റൈനും ഡോപ്ളറും വരുന്നത്.

ഏവം ഉത്പത്തികാലേ പ്രാഗുത്പത്തേ ബ്രഹ്മൈവേതി ശക്യമവഗന്തും യഥാഗ്നേ വിസ്ഫുലിംഗധൂമാംഗാരാർച്ചിഷാം പ്രാഗ്വിഭാഗാ ദഗ്നിരേവേതി ഭവത്യഗ്നേകത്വം. ഏവം ജഗന്നാമ രൂപവികൃതം പ്രാഗുത്പത്തേ പ്രജ്ഞാനഘന ഏവേതി യുക്തം ഗൃഹീതു.

പ്രാഗുത്പത്തികാലത്ത് ,പ്രപഞ്ചോത്പ്പത്തിക്കുമുമ്പ് ,അതുമാത്രമാണ് സത്യമായി നിലനിന്നിരുന്നതെന്ന് ശങ്കരഭാഷ്യം ഇങ്ങനെ അടിവരയിട്ട് ഓർമ്മപ്പെടുത്തുന്നു. ചിന്മാത്രകളുടെ ചിദഗ്നികുണ്ഡത്തിൽനിന്ന് സ്ഫുലിംഗം,ധൂമം,അംഗാരം,അർച്ചിസ്സ് മുതലായ വിഭാഗങ്ങളെപ്പോലെ നാമരൂപങ്ങളാല് വികൃതമാക്കപ്പെട്ട സർവ്വപ്രപഞ്ചങ്ങളും ഉണ്ടായിവന്നു.അതിനുമുമ്പ് പ്രജ്ഞാനഘനമായ ചിന്മാത്രാതരംഗങ്ങള് മാത്രമാണുണ്ടായിരുന്നത്. ചൈതന്യമയമായ അതിന്റെ ബഹിർസ്ഫുരണം മാത്രമാണ് സൃഷ്ടി. നാമരൂപകർമ്മാദികള് ഉള്ള സ്ഥൂലപ്രപഞ്ചം ഫേനബുദ്ബുദങ്ങൾ സലിലത്തിലെന്നപോലെ ,പ്രജ്ഞാനഘനമായ ആ ഊർജ്ജസാഗരത്തിൽ(ബ്രഹ്മസിന്ധു) വരികയും പോകയും ചെയ്യുന്നു. പ്രജ്ഞാനഘനമായ ആ ഏകരസത്തെ ആസ്വദിച്ചാൽ പിന്നെ മറ്റൊന്നും അറിയാനില്ല.

ഘടാകാശം ഘടംപൊട്ടുമ്പോൾ ചിദാകാശത്തിൽലയിക്കുന്നു. Box-space : The ways in which bodies can be packed into the box-space are the subject of threedimensional Euclidean Geometry ,whose axiomatic structure readily deceives us into forgetting that it refers to realizable situations ….If matter were to

disappear ,space and time alone would remain behind , as a kind of stage for physical happening … Energy-field(ആൽബർട്ട് ഐൻസ്റ്റൈൻ). അഥവാ ഊര്ജ്ജമണ്ഡലമെന്ന രാശിമണ്ഡലത്തെക്കുറിച്ച് അപ്പോഴേ ബോധമുദിക്കുന്നുള്ളൂ.ആ മണ്ഡലമില്ലാതെ കാലംമാത്രമായ ആകാശമില്ല. കാലദേശത്തിന് ആ മണ്ഡലത്തിനല്ലാതെ നിലനിൽപ്പില്ല.ശൂന്യവാദത്തെ ഇപ്രകാരം ശങ്കരനെപ്പോലെ ഐൻസ്റ്റൈനും നിരാകരിച്ചു.

ഉപസംഹാരം

സാമൂഹ്യതലത്തിൽ കാണുന്ന എല്ലാ പ്രശ്നങ്ങളും കാമം കൊണ്ട് (desire)ഉണ്ടായവയാണ്.കാമം സ്വാർത്ഥ ചിന്തയാണ്. നിഷ്കാമമായി കർമ്മം ചെയ്യാന് ജ്ഞാനവും ധ്യാനവും വേണം. എല്ലാ വസ്തുക്കളിലും ചൈതന്യം (ഇതിനെ ഈശ്വരനെന്നും വിളിക്കുന്നു) തന്നെ കാണുന്ന ജ്ഞാനി എല്ലാത്തിലും കരുണ ഉള്ളവനായി രിക്കുന്നു. എല്ലാത്തിനേയും ആദരിക്കുന്നു,സ്നേഹിക്കുന്നു.ഇത്തരം സംസ്കൃതചിത്തരുടെ (ആര്യന്മാരുടെ)സമൂഹം ആണ് പ്രാചീനഭാരതത്തിലെ കമ്യൂണുകളിൽ ജീവിച്ച് സമത്വമെന്ന വാക്കിന് അർത്ഥമുണ്ടാക്കിയത്. എല്ലാവർക്കും സമമായ ബുദ്ധിയോ സമമായ ബിസിനസ് സൌകര്യങ്ങളോ,സമമായ സാമ്രാജ്യങ്ങളോ അല്ല അവരുണ്ടാക്കിയത്. എല്ലാവർക്കും അവകാശമുള്ള ഈ ഭൂമി ഈശ്വരന്റേതാണ്, അതിൽ എല്ലാവർക്കും വേണ്ടി എല്ലാവരും അവനവന് സാധിക്കുന്ന സേവനം(കഴകം) സമർപ്പണമായി ചെയ്യുന്നു. ബ്രാഹ്മണൻ സമൂഹത്തിന് വിദ്യാഭ്യാസമായും,ക്ഷത്രിയൻ നീതിന്യായവും ശത്രുക്കളിൽനിന്ന് സുരക്ഷയുമായും സേവനം ചെയ്യുന്നു. വൈശ്യന് ഗോരക്ഷ,കൃഷി,വാണിജ്യം ഇവയിലൂടെ ക്ഷേത്രത്തിന്റെ അധീനതയിലുള്ള പൊതുസ്വ ത്തിനെ വർദ്ധിപ്പിക്കുന്നു.ശിൽപ്പിക്കും നർത്തകിക്കും സംഗീതജ്ഞനും ആശാരിക്കും തട്ടാനും എല്ലാം അവരവ രുടേതായ സേവനങ്ങളാൽ ഈ സമൂഹത്തെ നിലനിർത്താനും സ്വന്തം കഴിവു തെളിയിക്കാനും ഉള്ള അവസരങ്ങൾ ഈ വ്യവസ്ഥിതി ഒരുക്കിക്കൊടുക്കുന്നു. ശൂദ്രനും തനിക്കാവുന്ന സേവനങ്ങളെല്ലാം ചെയ്ത് ക്ഷേത്രത്തിലെ കഴകം നിർവ്വഹിക്കുന്നു. സമൂഹമാണ് ,വ്യക്തിയല്ല ഇവിടെ ഉടമ. ഈശ്വരന്റെ പൊതുമു തലാണ് രാജാവിന്റെയോ മന്ത്രിമാരുടേയോ വ്യക്തികളുടേയോ മുതലല്ല രാഷ്ട്രമെന്ന് എല്ലാവരും തിരിച്ച റിയുന്ന സംവിധാനമായിരുന്നു പഴയ സോഷ്യലിസം. ഇപ്പോളത് വ്യക്തിപരമായ അവകാശങ്ങൾക്കുവേണ്ടി പൊതുമുതൽ ധൂർത്തടിക്കയും കൊള്ളയടിക്കയും ചെയ്യുന്ന നിരുത്തരവാദപരമായ പ്രവണതയാണ്. ഓരോ രോ വർണ്ണധർമ്മം പാലിച്ച് ജീവിക്കുമ്പോഴും ഈശ്വരന്റെ ട്രസ്റ്റികളാണ് ഞങ്ങളെന്ന ഭാവത്തിലാണ് പൊതു മുതൽ മുമ്പുള്ളവരെല്ലാം കൈകാര്യം ചെയ്തത്. (പഴയ ക്ഷേത്രലിഖിതങ്ങളിൽനിന്ന് ഇതിന്റെ രൂപം കാണാം) ഇന്ന് വ്യക്തിസ്വാതന്ത്ര്യത്തിന്റെ പേരിൽ പൊതുമുതലും പൊതുഖജനാവും മാത്രമല്ല മറ്റു വ്യക്തികളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ,ജീവിക്കാനുള്ള അവകാശം തന്നെ നശിപ്പിക്കുന്ന രീതി അന്നുണ്ടായിരുന്നില്ല.

നാം ചർച്ച തുടങ്ങിവെച്ചത് സോഷ്യലിസ്റ്റ് കമ്യൂണിസ്റ്റ് തത്വചിന്തകനായ യെച്ചൂരിയുടേയും ശാസ്ത്രജ്ഞനും മാനവികതയുടെ വക്താവുമായ എ.പി.ജെ കലാമിന്റേയും രണ്ട് അഭിപ്രായങ്ങളെ ഉദ്ധരിച്ചുകൊണ്ടാണ്. ചർച്ചയുടെ അവസാനത്തില് ഈ രണ്ടു വീക്ഷണങ്ങളും തമ്മിലുള്ള അഭേദ്യബന്ധം നമുക്കു മനസ്സിലാവുന്നു. ശാസ്ത്രീയമായ അദ്വൈതത്തിന്റെ അടിത്തറ സകലവും ചിന്മാത്രയാണെന്നും അതിനാൽ സർവ്വവും സൂക്ഷ്മ തലത്തിൽ സമമാണെന്നുമുള്ള അറിവിലാണ്. പ്രപഞ്ചം (ജൈവ,അജൈവ)മുഴുവനും ചിന്മാത്രയാണ്,ഈ ശ്വരനാണ്. ചിന്മാത്രതന്നെയായ മനുഷ്യൻ തന്നിലെ ആത്മചൈതന്യത്തെ സകലത്തിലും കാണാനുള്ള ശക്തിയുണ്ട്.അപ്രകാരം സകലവും ആത്മ(ബ്രഹ്മ)ചൈതന്യമെന്ന് അറിഞ്ഞ് ഈശ്വരഭാവത്തിൽ ആദരി

ക്കുന്ന വ്യക്തി സകലത്തേയും ഈശ്വരന്റെ സ്വത്തായി സേവിക്കയും ചെയ്യുന്നു.ഈ അനുഷ്ഠാനത്തിലെ പരമപ്രധാനമായ തത്വം മനസാ വാചാ കർമ്മണാ അഹിംസ പാലിച്ച് എല്ലാത്തിനേയും (പ്രകൃതിയിലെ) എല്ലാ കാലത്തേക്കുമായി സംരക്ഷിക്കുക എന്ന ഇക്കോളജിക്കലായ കടമയാണ്. ഈശ്വരൻ ഏകമാണ്, സർവ്വവും ഏകമാണ് ,ഞാനും പ്രപഞ്ചവും ഈശ്വരനും ഒന്നാണ് എന്ന അറിവോടെ കല്ലിനേയും മരത്തേയും പുല്ലിനേയും മൃഗത്തേയും പക്ഷിയേയും മനുഷ്യനേയും സംരക്ഷിക്കുന്ന വ്യക്തി സംസ്കൃതചിത്തനായിത്തീരുന്നു. അരയന്നത്തെ രക്ഷിച്ച ബുദ്ധനാണ് ,അതിനെ കൊല്ലാനായി അമ്പയച്ച ദേവദത്തനല്ല അരയന്നത്തിനു മേൽ അവകാശം എന്ന് വിധിച്ച നാടാണ് ഭാരതം. സംരക്ഷിക്കുന്നതാണ് സംസ്കൃതചിത്തന്റെ ലക്ഷണം . (ആര്യലക്ഷണം) നശിപ്പിക്കുന്നത് അല്ല. മനസ്സിലാണ് എല്ലാ ഹിംസയും ആദ്യം ജനിക്കുന്നത്.അതുകൊണ്ട് മനസ്സിൽ പോലും ഹിംസാചിന്ത കടന്നുവരാതെ അതിനെ നിയന്ത്രിക്കേണ്ടത് അത്യാവശ്യമാണ്. മനസ്സിൽ വിചാരിച്ചത് നാം പറയുന്നു(വാചാ) ചെയ്യുന്നു(കർമ്മം) .മനസാ വാചാ കർമ്മണാ ആരെയും ഉപദ്രവിക്കാതെ , കഴിയുന്നത്ര പരോപകാരം ചെയ്തുകൊണ്ട് ഈ ഭൂമിയിൽ കൃതകൃത്യത നേടി ഈ ചെറുജീവിതം നയിക്കാനുള്ള പ്രായോഗികപദ്ധതിയാണ് പ്രായോഗികവേദാന്തത്തിന്റെ അദ്വൈതചിന്ത.

ഗ്രാമത്തിലെ ക്ഷേത്രാധിഷ്ഠിതമായ ചെറിയ റിപ്പബ്ലിക്കുകളിലെല്ലാം ജനത സമത്വം പാലിച്ചത് ബുദ്ധിയിലുള്ള സമാനത കൊണ്ടല്ല, ബുദ്ധിയിലും കഴിവിലുമുള്ള വൈവിദ്ധ്യം കൊണ്ടാണ്. വൈവിദ്ധ്യവും നാനാത്വവും നിലനിർത്തി, ഏകത്വത്തിലധിഷ്ഠിതമായി അഹിംസാപരമോധർമ്മ എന്ന് ശങ്കക്കിടമില്ലാതെ പ്രഖ്യാപിച്ച് , ഭാരതമെന്ന പുരാതനരാഷ്ട്രം പ്രായോഗികമാക്കിയ അദ്വൈതത്തിലൂടെ ശാസ്ത്രീയമായ പഴയ സോഷ്യലിസവും കമ്യൂണിസവും ഇവിടെ നിലനിന്നു. സംസ്കൃതമെന്ന ഭാഷ മതചിഹ്നമല്ല , അറിവുകളുടെ കലവറയാണ്,ഭാരതസംസ്കൃതിയുടെ പഴയകാലശാസ്ത്രങ്ങളെല്ലാം ഈ ഭാഷയിലാണുള്ളത്. അതിനെ പഠിക്കാനും അറിയാനും മനസ്സും ബുദ്ധിയുമുള്ള എല്ലാവരും അതിലേക്ക് ശ്രദ്ധ തിരിക്കേണ്ടത് അനിവാര്യമാണ്. ശങ്കരഭാഷ്യം പ്രത്യേകിച്ചും സവിശേഷമായ ഒരു ഊർജ്ജഖനിയാണ്. അതിൽനിന്ന് അനേകം രത്നങ്ങള് നമുക്കിനിയും ശേഖരിക്കാനുണ്ട്.

Filename: ശങ്കരദർശനം സമകാലികപ്രസക്തി.docx
Directory: C:\Users\user\Documents
Template: C:\Users\user\AppData\Roaming\Microsoft\Templates\Normal.dotm
Title:
Subject:
Author: user
Keywords:
Comments:
Creation Date: 6/17/2017 9:12:00 AM
Change Number: 32
Last Saved On: 5/19/2020 7:49:00 AM
Last Saved By: user
Total Editing Time: 349 Minutes
Last Printed On: 5/19/2020 7:50:00 AM
As of Last Complete Printing
Number of Pages: 15
Number of Words: 5,400 (approx.)
Number of Characters: 30,785 (approx.)